(സി) വിപുലീകരണ പദ്ധതിയെക്കുറിച്ച് ഇപ്പോൾ ആലോചിച്ചിട്ടില്ല. എന്നാൽ ചില നവീകരണ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്ന കാര്യം പരിശോധിച്ചു വരുന്നു.

കൊയിലാണ്ടിയിലും പരിസര പഞ്ചായത്തുകളിലും കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി

30 (3970) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടിയിലും പരിസര പഞ്ചായത്തുകളിലും കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി ഏത് വർഷത്തിലാണ് ആരംഭിച്ചത് ;

(ബി) ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് സംഖ്യ എത്രയാണെന്ന് അറിയിക്കാമോ ;

(സി) പ്രസ്തുത പദ്ധതി ഏത് വർഷം പൂർത്തീകരിക്കാനായിരുന്നു ഉദ്ദേശിച്ചിരുന്നത് ;

(ഡി) ഏതെല്ലാം പഞ്ചായത്തുകളിലാണ് ഈ പദ്ധതിയിൽ ഇതേവരെ വെള്ളം എത്തിക്കാൻ കഴിഞ്ഞതെന്ന് അറിയിക്കാമോ ;

(ഇ) എത്രസംഖ്യ നാളിതുവരെ ഈ പദ്ധതിക്കുവേണ്ടി ചെലവഴിച്ചു ;

(എഫ്) ഈ പദ്ധതി ഏത് വർഷം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1985-ലാണ് ആരംഭിച്ചത്.

(ബി) ഈ പദ്ധതിയുടെ ഒറിജിനൽ എസ്റ്റിമേറ്റ് സംഖ്യ 520 ലക്ഷം രൂപയും പുതുക്കിയ എസ്റ്റിമേറ്റ് സംഖ്യ 906 ലക്ഷം രൂപയുമാണ്.

(സി) പ്രോജക്ട് റിപ്പോർട്ട് അനുസരിച്ച് 1987 മാർച്ച് മാസത്തിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്.

(ഡി) ഈ പദ്ധതിയിൽ ഇതേവരെ ചക്കിട്ടപ്പാറ, ചങ്ങരോത്ത്, കൂത്താളി, പേരാമ്പ്ര എന്നീ പഞ്ചായത്തുകളിൽ വെള്ളമെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) 10,00,17,392 രൂപ ചെലവായിട്ടുണ്ട്.

(എഫ്) 3/2004-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കൂടൽക്കടവ് കുടിവെള്ള പദ്ധതി

31 (3971) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടൽക്കടവ് കുടിവെള്ള പദ്ധതിയുടെ പരിധിയിൽ വരുന്ന പഞ്ചായത്തുകൾ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly